# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 924** **09/08/2017 - ൽ മറുപടിക്ക്**

**ഇ.എസ്.ഐ കോർപ്പറേഷൻ തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നിഷേധിക്കുന്നതിനെതിരെ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ടി.ബൽറാം | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഇ.എസ്.ഐ കോർപ്പറേഷൻ 2016 നവംബർ 16 ന് പുറത്തിറക്കിയ സർക്കുലർ, തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നിഷേധിക്കുന്ന നിബന്ധനകൾ ഉൾക്കൊള്ളുന്നതാണോ; | (എ)<br>&<br>(ബി) | ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ 07.11.2016-ലെ V-14/11/5/2012-Med.I (Policy) നമ്പർ കത്ത് പ്രകാരം പുതുക്കി നിശ്ചയിക്കുകയുണ്ടായി. ആയത് പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹതനേടാൻ പ്രധാനമായും താഴെപറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.<br>1. സൂപ്പർസ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള അസുഖം കണ്ടെത്തുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം ഐ.പി തുടർച്ചയായി തൊഴിലിൽ ഉണ്ടായിരിക്കേണ്ടതാണ്.<br>2. രോഗം ആരംഭിക്കുന്നതിനു മുമ്പായി നാല് അംശാദായ കാലയളവുകളിലായി 156 ദിവസത്തെ അംശാദായം അടയ്ക്കുകയും മേൽപറഞ്ഞ നാല് അംശാദായ കാലയളവിൽ ഏതെങ്കിലും രണ്ട് എണ്ണത്തിൽ രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയും വേണം. |
| (ബി) | എങ്കിൽ ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിന്മേലുള്ള ഇ.എസ്.ഐ കോർപ്പറേഷന്റെ നിലപാട് അറിയിക്കുമോ? | | |
| | | | ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ദോഷകരമായ ഈ വ്യവസ്ഥകൾ റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ |

| | | | |
|---|---|---|---|
| | | | വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ട് ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി 28.04.2017 നും 12.05.2017 നും കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ തീരുമാനം പുനഃപരിശോധിക്കുന്ന വിഷയം ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്.<br>എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെ കേന്ദ്ര സർക്കാരോ ഇ.എസ്.ഐ കോർപ്പറേഷനോ നിലപാട് അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ